ഊർജ്ജിത നിക്ഷേപ സമാഹരണ കാലാവധി ഒക്ടോബർ 31-ന് അവസാനിക്കുന്നതാണ്. ഇതിനകം 75 കോടി രൂപയിൽ കൂടുതൽ സമാഹരിച്ചതായി ജില്ലകളിൽ നിന്നുള്ള കണക്കുകൾ സൂചിപ്പിക്കുന്നു.

(ബി) സമ്മാനത്തിനായി ഇതുവരെ ഒരു തുകയും ചെലവഴിച്ചിട്ടില്ല. 5 ലക്ഷം രൂപയുടെ ചെലവാണ് ഈയിനത്തിൽ പ്രതീക്ഷിക്കുന്നത്.

ജാതിക്കാ-ജാതിപത്രി ഇറക്കുമതി ചുങ്കം കുറയ്ക്കാൻ നടപടി

634. [857] ശ്രീ. കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജാതിക്കാ-ജാതിപത്രി എന്നിവയുടെ ഇറക്കുമതി ചുങ്കം കുറവു ചെയ്യുമെന്ന കേന്ദ്ര ധനകാര്യമന്ത്രിയുടെ പ്രസ്താവന ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിലയിടിവിനെ നേരിട്ടു തകർത്തുകൊണ്ടിരിക്കുന്ന ജാതി കൃഷിക്കാരെ ഇതു കൂടുതൽ തകർക്കുന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) ഇതിനെതിരായി എന്തു നടപടികൾ എടുക്കാൻ ഉദ്ദേശിക്കുന്നു ?

ഉത്തരം

(എ, ബി, സി) 17-10-1986-ലെ ഒരു പത്രവാർത്തയിൽ കവിഞ്ഞ വിശദാംശങ്ങളൊന്നും സംസ്ഥാന ഗവൺമെൻറിന്റെ പക്കലില്ല. കേന്ദ്ര ഗവൺമെൻറിൽ നിന്നു വിശദാംശങ്ങൾ ശേഖരിച്ചതിനു ശേഷം വ്യക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സെയിൽസ് ടാക്സ് അഗ്രികൾച്ചറൽ ഇൻകംടാക്സ്

635. [858] ഡോക്ടർ കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെയിൽസ് ടാക്സ് അഗ്രികൾച്ചറൽ ഇൻകംടാക്സ് ഈ ഇനങ്ങളിൽ 1986 മാർച്ച് മുതൽ ഒക്ടോബർ 15 വരെ എന്തു തുക പിരിഞ്ഞുകിട്ടി ; ജില്ലാടിസ്ഥാനത്തിൽ എത്ര വീതം ;

(ബി) കഴിഞ്ഞ സാമ്പത്തികവർഷം ഈ കാലഘട്ടത്തിൽ എന്തു തുക പിരിഞ്ഞു ; ഓരോ ജില്ലയിലും എത്ര വീതം ;

(സി) മുൻ വർഷത്തേക്കാൾ കൂടുതലോ കുറവോ ; കൂടുതലാണെങ്കിൽ എത്ര ശതമാനം ; കുറവാണെങ്കിൽ എത്ര ശതമാനം ?

ഉത്തരം

(എ) കാർഷികാദായ നികുതി വിൽപ്പന നികുതി വകുപ്പ് ഓരോ മാസാവസാനത്തേയും കണക്കുകളാണ് ശേഖരിക്കാറുള്ളത്. 1986 ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 30 വരെ വിൽപ്പന നികുതിയിനത്തിൽ 211.59 കോടി രൂപയും കാർഷികാദായ നികുതിയിനത്തിൽ 6.15 കോടി രൂപയും പിരിഞ്ഞുകിട്ടിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1985 ഏപ്രിൽ ഒന്നു മുതൽ സെപ്റ്റംബർ 30 വരെ വിൽപ്പന നികുതിയിനത്തിൽ 195.08 കോടി രൂപ കാർഷികാദായ നികുതിയിനത്തിൽ 6.21 കോടി രൂപ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുത്തിട്ടുണ്ട്.

(സി) 1985 ഏപ്രിൽ ഒന്നു മുതലുള്ള ആറു മാസക്കാലത്തെ വിൽപ്പന നികുതി പിരിവിനെക്കാൾ 16.5 കോടി രൂപ ഇക്കൊല്ലം അതെ കാലയളവിൽ കൂടുതലായി പിരിഞ്ഞു ഇത് 8.5 ശതമാനം കൂടുതലാണ്. 1985 ഏപ്രിൽ ഒന്നു മുതലുള്ള ആറു മാസത്തെ കാർഷികാദായ നികുതി പിരിവിനെക്കാൾ 5 ലക്ഷം രൂപ കുറവാണ്. ഇക്കൊല്ലം അതേ കാലയളവിലുള്ള പിരിവ് കുറവ് ഒരു ശതമാനമാണ്.

നികുതി കുടിശ്ശിക ഈടാക്കാൻ നടപടി

636. [859] ശ്രീ. മണിമംഗലത്തു കുട്ട്യാലി :

,, ജോസ് കുറ്റ്യാനി :

,, കെ. കെ. ശ്രീനിവാസൻ :

,, കെ. സി. ജോസഫ് :

,, കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ഇനങ്ങളിലുള്ള നികുതി കുടിശ്ശിക ഈടാക്കുന്നതിന് എന്തെല്ലാം ഊർജ്ജിത നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) നടപ്പു സാമ്പത്തിക വർഷം ഈടാക്കാൻ കഴിയുന്ന നികുതി എത്ര ?

ഉത്തരം

(എ) കാർഷികാദായ നികുതി, വിൽപ്പന നികുതിയിനങ്ങളിലുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ, മജിസ്ട്രേട്ട് മുഖാന്തിരം വാറണ്ട് പുറപ്പെടുവിക്കൽ, സർക്കാരിൽ നിന്നോ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ കുടിശികക്കാർക്ക് നൽകാനുള്ള തുകകൾ കുടിശ്ശികയിലേക്ക് ക്രമീകരിക്കുക, ബാങ്ക് അക്കൗണ്ട് മരവിപ്പിക്കുക മുതലായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കാർഷികാദായ നികുതി വിൽപ്പന നികുതി ഉദ്യോഗസ്ഥൻമാർക്ക് നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. മറ്റു നികുതി ഇനങ്ങളെപ്പറ്റി വിവരം ശേഖരിച്ചു വരുന്നു.

(ബി) വിൽപ്പന നികുതിയിനത്തിൽ 480 കോടി രൂപയും കാർഷികാദായ നികുതിയിനത്തിൽ 21.51 കോടി രൂപയും ആണ് പിരിവ് പ്രതീക്ഷിക്കുന്നത്. മറ്റു നികുതിയിനങ്ങളെപ്പറ്റിയുള്ള വിവരം ശേഖരിച്ചു വരുന്നു.

കാർഷികാദായനികുതി കുടിശ്ശിക ഈടാക്കുന്നതിനെതിരെ സ്റ്റേ

637. [860] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86-ം 1986 സെപ്റ്റംബർ 30 വരെയും കാർഷികാദായ നികുതി കുടിശ്ശിക ഈടാക്കുന്നതിന് എതിരായി ഗവൺമെന്റ് കോടതി സ്റ്റേ എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ (858) കാണുക]

കാർഷികാദായ നികുതി വിൽപ്പന നികുതി പിരിവ്

ജില്ല	കാർഷികാദായ നികുതി		വില്പന നികുതി	
	1986 ഏപ്രിൽ 1 മുതൽ 1986 സെപ്തംബർ 30 വരെ	1985 ഏപ്രിൽ 1 മുതൽ 1985 സെപ്തംബർ 30 വരെ	1986 ഏപ്രിൽ 1 മുതൽ 1986 സെപ്തംബർ 30 വരെ	1985 ഏപ്രിൽ 1 മുതൽ 1985 സെപ്തംബർ 30 വരെ
തിരുവനന്തപുരം	8.75	38.14	2416.45	2159.55
കൊല്ലം	3.81	9.10	880.62	799.09
പത്തനംതിട്ട	2.04		140.57	95.80
ആലപ്പുഴ	56.12	76.25	1034.12	1132.45
കോട്ടയം	201.09	101.48	844.56	867.65
ഇടുക്കി	11.41	9.36	90.06	72.53
എറണാകുളം	245.17	254.29	11403.84	10272.01
തൃശ്ശൂർ	3.18	5.27	1028.95	933.83
പാലക്കാട്	7.93	7.68	846.86	801.88
മലപ്പുറം	8.93	13.10	222.15	185.29
കോഴിക്കോട്	39.99	74.12	1583.06	1570.78
വയനാട്	22.36	29.40	37.11	23.61
കണ്ണൂർ	2.24	1.79	506.33	478.01
കാസർകോഡ്	2.11	1.11	124.36	115.58
ആകെ	615.13	621.09	21159.04	19508.06
ആകെ രൂപ കോടിയിൽ	6.15	6.21	211.59	195.08

LIBRARY ARCHIVES Kerala Legislative Assembly